പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5543 28.07.2015 - ൽ മറുപടിയ്ക്ക്

**ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തൽ**

ചോദ്യം

ശ്രീ. കെ.കെ.ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും അപേക്ഷ സമർപ്പിക്കേണ്ട വിധവും സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) | മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുകയെന്നതാണ് സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 2014-15 അദ്ധ്യായന വർഷം മുതൽ ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി സ്വീകരിക്കുന്നു. അപേക്ഷകരായ വിദ്യാർത്ഥികൾ വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം അപേക്ഷകൾ സ്ഥാപന മേധാവിക്കു സമർപ്പിക്കണം.<br>1. ബി.പി.എൽ റേഷൻകാർഡിന്റെ പകർപ്പ്/ബി.പി.എൽ സാക്ഷ്യപത്രം അഥവാ എ.പി.എൽ ആണെങ്കിൽ അംഗീകൃത വരുമാനസർട്ടിഫിക്കറ്റ് (കുടുംബവാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപവരെയും ആയി നിശ്ചയിച്ചിട്ടുണ്ട്).<br>2. അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്.<br>3. പിതാവോ മാതാവോ മരണപ്പെട്ടതിന്റെ അംഗീകൃത മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>4. കുട്ടിയുടെയും രക്ഷകർത്താവിന്റെയും |

| | | | |
|---|---|---|---|
| | | | പേരിൽ കോർ ബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് എടുത്തതിന്റെ പകർപ്പ്. വിദ്യാലയങ്ങളിൽ ചേർക്കാത്ത 5 വയസ്സിനു താഴെപ്രായമുള്ള കുട്ടികൾക്ക് ഈ ധനസഹായത്തിന് നിശ്ചിത അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യസുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. |
| (ബി) | സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സം ഉണ്ടോ ; | (ബി) | സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്നവരെയും സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിനർഹരാണ്. ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളെ കൂടി സ്നേഹ പൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (സി) | ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**